ഖാദി ഗ്രാമ വ്യവസായ തൊഴിലാളികൾക്ക് കൂലി വർദ്ധന

288 [357] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഖാദി ഗ്രാമ വ്യവസായ തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിക്കുവാൻ ഗവൺമെൻറ് നടപടി എടുക്കുമോ ?

ഉത്തരം

ഖാദി തൊഴിലാളികൾക്ക് കൂലി നിരക്ക് നിശ്ചയിക്കുന്നത് ഖാദി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള 'കോസ്റ്റ് ചാർട്ട്' അനുസരിച്ചാണ്. 1-4-1985-ൽ ഇതിൻപ്രകാരം ഒരു വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.

പൂവൻതുരുത്ത് വ്യവസായ വികസന ബ്ലോക്കിനുവേണ്ടി അക്വയർ ചെയ്ത സ്ഥലം

289 [359] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂവൻതുരുത്ത് വ്യവസായ വികസന ബ്ലോക്കിനുവേണ്ടി എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്തു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥലം വ്യവസായ യൂണിറ്റുകൾക്കുവേണ്ടി നൽകുന്നതിനു വികസിപ്പിച്ച് എടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സ്ഥലം എത്രയുംവേഗം വികസിപ്പിച്ച് എടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോട്ടയം ജില്ലയിൽ പൂവൻതുരുത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായ വികസന പ്ലോട്ടിനുവേണ്ടി 16 ഹെക്ടർ 72 ആർ 84 സ്ക്വയർ മീറ്റർ ഭൂമിയാണ് ഇപ്പോൾ അക്വയർ ചെയ്തിട്ടുള്ളത്.

(ബി) ഈ സ്ഥലം വ്യവസായ യൂണിറ്റുകൾക്ക് നൽകുന്നതിനുവേണ്ടി വികസിപ്പിച്ചെടുക്കുവാൻ 'സിഡ്കോ' യെ ഏൽപ്പിച്ചിരിക്കുകയാണ്. 'സിഡ്കോ' ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) ഈ സ്ഥലം എത്രയും വേഗം വ്യാവസായികാവശ്യത്തിന് വികസിപ്പിച്ചെടുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ

290 [361] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി തൊഴിലാളികൾക്ക് ഈ വർഷം സെപ്റ്റംബർ 30 വരെ എത്ര ദിവസത്തെ തൊഴിൽ നൽകി ;

(ബി) ഇനിയും ഈ വർഷം എത്ര തൊഴിൽ ദിവസങ്ങൾ കൂടി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികൾക്ക് ഈ വർഷം സെപ്തംബർ 30 വരെ ശരാശരി 57 ദിവസത്തെ തൊഴിൽ നൽകിയിട്ടുണ്ട്. കാപ്പെക്സിന്റെ കീഴിലുള്ള തൊഴിലാളികൾക്ക് ശരാശരി 45 ദിവസം ജോലി നൽകി.

(ബി) ഇപ്പോൾ സ്റ്റോക്കുള്ള തോട്ടണ്ടിയുടെ കണക്കനുസരിച്ച് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ 19 ദിവസവും കാപ്പെക്സിൽ 48 ദിവസവും കൂടി തൊഴിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. കൂടുതൽ തോട്ടണ്ടി ലഭ്യമാക്കാൻ കോർപ്പറേഷനും കാപ്പെക്സും ശ്രമിക്കുന്നുണ്ട്.

വ്യവസായ സംരംഭങ്ങൾക്ക് വിദേശ മലയാളികൾക്ക് മുൻഗണന നൽകുന്ന പദ്ധതി

291 [363] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ തുടങ്ങാൻ വിദേശ മലയാളികൾക്ക് മുൻഗണന കൊടുക്കുന്ന പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ ;

(സി) വിദേശമലയാളികളെ വ്യവസായം തുടങ്ങാൻ പ്രേരിപ്പിക്കുന്നതിനായി വ്യവസായ വകുപ്പു മന്ത്രിയും മറ്റും ഗൾഫ് നാടുകളിലും മറ്റും പര്യടനങ്ങൾ നടത്തുകയുണ്ടായോ ;

(ഡി) എങ്കിൽ അതിന്റെ ഫലമായി എത്ര വിദേശ മലയാളികൾ സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ തുടങ്ങി ?

ഉത്തരം

(എ & ബി). വിദേശ മലയാളികളിൽ നിന്നു സ്വീകരിക്കുന്ന അപേക്ഷകൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. എല്ലാ രേഖകളോടുംകൂടി ലഭിക്കുന്ന അപേക്ഷകളിൽ 45 ദിവസത്തിനകം കെ. എഫ്. സി. തീരുമാനം എടുക്കുന്നുണ്ട്. കൂടാതെ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ ആവിഷ്ക്കരിച്ചിട്ടുള്ള പ്രത്യേക വായ്പാ പദ്ധതിയനുസരിച്ച് വ്യവസായ വകുപ്പിൽ നിന്നു കിട്ടാൻ സാദ്ധ്യതയുള്ള സബ്സിഡികൂടി വായ്പയായി സംരംഭകന് ആദ്യം നൽകുകയും സബ്സിഡി വ്യവസായ വകുപ്പ് നൽകുന്ന മുറയ്ക്ക് അത് വായ്പയിൽ കുറവു ചെയ്യുകയും ചെയ്യുന്നതാണ്.

വിദേശ ഇൻഡ്യാക്കാർക്കുവേണ്ടി ഒരു വ്യവസായ സംരംഭക പരിശീലന പദ്ധതിയും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പിലാക്കുന്നതാണ്.

കേരള സ്റ്റേറ്റ് വ്യവസായ വികസന കോർപ്പറേഷനിൽ വിദേശ മലയാളികൾക്കുവേണ്ടി ഒരു പ്രത്യേക സെൽ 1-8-1986 മുതൽ പ്രവർത്തിച്ചുവരുന്നു. വൻകിട ഇടത്തരം വ്യവസായങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ സൗജന്യങ്ങളും അവർക്കും ബാധകമാക്കിയിട്ടുണ്ട്.

ഇതുകൂടാതെ വിദേശ മലയാളികൾ വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലത്തിനുവേണ്ടി അപേക്ഷ സമർപ്പിച്ചാൽ അത്തരം അപേക്ഷകർക്ക് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഡവലപ്പ്മെന്റ് എരിയകളിലും ഡവലപ്പ്മെന്റ് പ്ലോട്ടുകളിലും സ്ഥലം അനുവദിക്കുന്നതിനു മുൻഗണന നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly